(ഡി) അന്വേഷണം ത്വരിതപ്പെടുത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ പഞ്ചായത്തിലെ കാട്ടാമ്പള്ളിയിലെ രമ്യയുടെ വധവുമായി ബന്ധപ്പെട്ട് പയ്യന്നൂർ പി.എസ്.-ൽ ക്രൈം നമ്പർ 61/2010 u/c unnatural death ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണത്തിൽ സ്ത്രീധനത്തിനുവേണ്ടി പീഡിപ്പിക്കപ്പെട്ട് എന്ന് വെളിവായതിനാൽ സെക്ഷൻ 498(എ) ആർ/ഡബ്ല്യൂ 34 ഐ.പി.സി. കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിയതിൽ രമ്യയുടെ ഭർത്താവായ 1-ാം പ്രതി ഷമ്മികുമാർ രമ്യയുടെ ചാരിത്ര്യത്തിൽ സംശയം തോന്നി കൊല ചെയ്തതാണെന്ന് വെളിവായതിനാൽ 1-ാം പ്രതിക്കെതിരെ സെക്ഷൻ 302 ഐ.പി.സി. കൂട്ടിച്ചേർത്ത് ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും 17-7-2010-ന് 1-ാം പ്രതിക്ക് സെക്ഷൻ 498 (എ), 201, 302 ഐ.പി.സി. പ്രകാരവും 2, 3 പ്രതികളായ 1-ാം പ്രതിയുടെ ജ്യേഷ്ഠൻ ലത്തീഫ് കുമാർ, അമ്മ പത്മാവതി എന്നിവർക്ക് 498 (എ) ആർ/ഡബ്ല്യൂ 34 ഐ.പി.സി. പ്രകാരവും ബഹുമാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. 1-ാം പ്രതി ഗൾഫിലായതിനാൽ എക്സ്ട്രാഡിഷൻ പ്രകാരം വിട്ടുകിട്ടാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2-ാം പ്രതി കോടതിയിൽ സറണ്ടർ ആയി ജാമ്യം നേടിയിട്ടുള്ളതാണ്. 3-ാം പ്രതിയെ അറസ്റ്റു ചെയ്യുവാൻ ബാക്കിയുണ്ട്.

(ബി) ഏൽപ്പിച്ചിട്ടില്ല. എന്നാൽ കോടതിയുടെ അറസ്റ്റുവാറണ്ട് ഇന്റർ പോളിന് കൈമാറിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ബഹു : കോടതി മുമ്പാകെ 17-7-2010-ന് ടി കേസ്സിന്റെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

മുഹമ്മദ് കുഞ്ഞിയുടെ തിരോധാനം

60 (1530) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പ് പോലീസ് സ്റ്റേഷന്റെ പരിധിയിലുള്ള ചൊറുക്കള എന്ന സ്ഥലത്ത് താമസിച്ചിരുന്ന മുക്കാടത്ത് മുഹമ്മദ് കുഞ്ഞിയുടെ തിരോധാനവും പിന്നീടുണ്ടായ അസ്വഭാവിക മരണവും സംബന്ധിച്ച അന്വേഷണത്തിന്റെ പുരോഗതി അറിയിക്കുമോ ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കുറുമാത്തൂർ അംശം ചൊറുക്കള എന്ന സ്ഥലത്ത് താമസിച്ചിരുന്ന മുക്കോടത്ത് മുഹമ്മദ് കുഞ്ഞി വയസ്സ-52/11 എന്നയാളുടെ തിരോധനത്തെ സംബന്ധിച്ച തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ടിയാളുടെ ഭാര്യാ സഹോദരൻ സി. കെ. ഉമ്മർകുട്ടി എന്നയാളുടെ പരാതി പ്രകാരം 14-1-2011-ന് തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 21/11 U/c Missing Person ആയി കേസ്സ് രജിസ്റ്റർ ചെയ്ത് എഫ്.ഐ.ആർ. ബഹു : കോടതിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് 15-1-2011, 16-1-2011 എന്നീ ദിവസങ്ങളിൽ തളിപ്പറമ്പ് സ്റ്റേഷൻ എസ്.ഐ. ഉണ്ണികൃഷ്ണൻ അന്വേഷണം നടത്തി വന്നിട്ടുള്ളതും മുഹമ്മദ് കുഞ്ഞിയുടെ വിവരങ്ങൾവച്ച് ഇ-മെയിൽ സന്ദേശവും പത്രത്തിൽ പരസ്യം നടത്തിയും മറ്റും അന്വേഷണം നടത്തിയിട്ടുള്ളതാണ്.

16-1-2011 തീയതി 20.40 മണിക്ക് മുഹമ്മദ് കുഞ്ഞിയെ ടിയാൾ താമസിക്കുന്ന വീട്ടിന് അടുത്ത് കശുമാവിൻ തോട്ടത്തിൽ കാടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തുകയും വിവരം സ്റ്റേഷനിൽ അറിയിച്ച പ്രകാരം കേസ്സിൽ Section 174 CrPc ചേർത്തുകൊണ്ട് കേസ്സ് അന്വേഷണം തുടങ്ങുന്നുണ്ടെന്നുള്ള കാര്യത്തിന് ബഹു : കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയും സ്ഥലത്ത് സീൻ ഗാഡ് നിയമിച്ചും മറ്റും അന്വേഷണം നടത്തിയിട്ടുള്ളതാണ്.

1 മുതൽ 24 വരെ സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയും മുഹമ്മദ് കുഞ്ഞിയുടെ ഭാര്യയടക്കമുള്ള ബന്ധുക്കളുടേയും നാട്ടുകാരുടേയും മൊഴി രേഖപ്പെടുത്തിയും മറ്റും അന്വേഷണം നടത്തിയിട്ടുള്ളതാണ്. കേസ്സിൽ നാളിതു വരെ നടത്തിയ അന്വേഷണത്തിൽനിന്നും മുക്കാടത്ത് മുഹമ്മദ് കുഞ്ഞി എന്നയാളുടെ മരണകാര്യത്തിൽ സംശയിക്കത്തക്കവിധത്തിലുള്ള തെളിവുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലാത്തതാണ്. Post Mortem Certificate, വിസ്ര പരിശോധന റിപ്പോർട്ട് എന്നിവ കിട്ടിയാൽ മാത്രമേ മരണകാരണം വ്യക്തമായി തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

മുഹമ്മദ് കുഞ്ഞിയുടെ തിരോധാനം മുതൽ ഇതുവരെയുള്ള അന്വേഷണത്തിൽ പോലീസ് ഡോഗ് സയന്റിഫിക് അസിസ്റ്റന്റ്, ഫോട്ടോഗ്രാഫർ എന്നിവരുടെ സേവനം കേസ്സിലേക്ക് ഉപയോഗപ്പെടുത്തി അന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

കാസർഗോഡ് പോലീസ് വെടിവയ്പ്

61 (1531) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് 2009-ൽ നടന്ന പോലീസ് വെടിവയ്പിനോടനുബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്നും ആരൊക്കെയാണ് പ്രതികളെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വെടിവയ്പിനെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly